LIBRARY ARCHIVES Kerala Legislative Assembly

ടൂവീലർ വാഹനങ്ങൾക്ക് തേർഡ്പാർട്ടി ഇൻഷ്വറൻസ് പുതുക്കുന്നതിനുള്ള തടസ്സം

*12 [252] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

„ ടി. പി. എം. സാഹിർ:

„ സി. മോയിൻകുട്ടി:

„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടൂ വീലർ വാഹനങ്ങൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് പുതുക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികൾ വൈമുഖ്യം കാണിക്കുന്നതായും ഇൻഷ്വറൻസ് തുക കൈപ്പറ്റുന്നതിന് അനാവശ്യമായ നിബന്ധനകളും പിഴകളും ചുമത്തുന്നതുമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസ് പുതുക്കുന്നതിന് കാലതാമസമുണ്ടായാൽ ഇഷ്ടാനുസരണം തുക വർദ്ധിപ്പിച്ച് കളക്ട് ചെയ്യുന്നതിന് സർക്കാരിന്റെ അനുവാദം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ടൂ വീലർ ഉടമകളിൽ നിന്നെങ്കിലും അധിക പണപ്പിരിവ് നിർത്തലാക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇതു സംബന്ധിച്ച സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി, സി) ഇൻഷ്വറൻസ് കമ്പനികളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം സർക്കാരിന് ഇല്ല.

സ്വകാര്യ ബസ് ചാർജ് വർദ്ധന

*13 [253] ശ്രീ. എൻ. രാജൻ:

„ ബിനോയ് വിശ്വം:

„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് ചാർജ് വർദ്ധനയുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി, സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് താമസംവിനാ നടപ്പിലാക്കുന്നകാര്യം പരിശോധിച്ചുവരികയാണ്.

മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ നടപടി

*14 [254] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷോപ്പുകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി അഞ്ചുവർഷം കാലാവധി കഴിഞ്ഞ് രണ്ട് വർഷം കഴിഞ്ഞിട്ടും പുതുക്കി നിശ്ചയിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഈ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാർ നേരത്തെ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ക്ഷേമനിധി ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ, ബി) 4-8-1997-ലെ ജി.ഒ. (ആർ. ടി.) 2267/97/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിച്ച മിനിമം വേതനത്തിന്റെ അഞ്ചു വർഷകാലാവധി 2002 ഓഗസ്റ്റിൽ പൂർത്തിയായി. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(സി, ഡി) കേരളത്തിലെ കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി രൂപവത്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly